# പതിനഞ്ചാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2022 ജൂൺ 27, തിങ്കൾ

**നമ്പർ 62**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

സഭാ നടപടികൾ ആരംഭിക്കുന്നതിനുമുമ്പ് ദേശീയഗാനം ആലപിക്കുകയുണ്ടായി.

**ചോദ്യങ്ങൾ :**

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ ഒരെണ്ണം സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

[ചോദ്യോത്തരവേള ആരംഭിച്ചപ്പോൾതന്നെ പ്രതിപക്ഷ അംഗങ്ങൾ മുദ്രാവാക്യം വിളിക്കുകയും, ബാനറും പ്ലക്കാർഡുകളും ഉയർത്തി സഭാനടപടികൾ തടസ്സപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തു. ഇതിനെതിരെ ഭരണപക്ഷ അംഗങ്ങളും പ്രതിഷേധിച്ചതിനെത്തുടർന്ന് രാവിലെ 9.04-ന് സഭ താത്കാലികമായി നിർത്തിവച്ചു.]

രാവിലെ 10.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ സഭ പുനഃരാരംഭിച്ചു

ചരമോപചാരം :

മുൻ നിയമസഭാംഗങ്ങളായ പി. ജെ. തോമസ്, തലേക്കുന്നിൽ ബഷീർ, എം. പി. ഗോവിന്ദൻ നായർ, കെ. ശങ്കരനാരായണൻ, യു. എസ്. ശശി, കെ. ജി. കുഞ്ഞുകൃഷ്ണപിള്ള, എസ്. ത്യാഗരാജൻ, പ്രയാർ ഗോപാലകൃഷ്ണൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച് സ്പീക്കർ റഫറൻസ് നടത്തി. പരേതരോടുള്ള ആദരസൂചകമായി അംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.

[പ്രതിപക്ഷ അംഗങ്ങൾ വീണ്ടും മുദ്രാവാക്യം വിളിച്ച് ബഹളം വച്ചു. ഇതിനെതിരെ ഭരണപക്ഷ അംഗങ്ങളും പ്രതിഷേധം ആരംഭിച്ചു. സഭാനടപടികൾ സുഗമമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് സാധിക്കാതെ വന്നതിനെത്തുടർന്ന് കാര്യവിവരപ്പട്ടികയനുസരിച്ചുള്ള ശ്രദ്ധ ക്ഷണിക്കലും, ചട്ടം 304 അനുസരിച്ചുള്ള നോട്ടീസുകളും റദ്ദ് ചെയ്തതായി സ്പീക്കർ സഭയെ അറിയിച്ചു.]

KNPP. 709/2022 (i).

<u>ചെയർമാൻമാരുടെ പാനൽ</u> :

നടപ്പുസമ്മേളനത്തിലെ ചെയർമാൻമാരുടെ പാനലിലേക്ക് താഴെപ്പറയുന്ന അംഗങ്ങളെ നാമനിർദ്ദേശം ചെയ്തു.

1. ശ്രീ. കെ. ഡി. പ്രസേനൻ
2. ശ്രീ. ഇ. കെ. വിജയൻ
3. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

<u>മേശപ്പുറത്തുവച്ച കടലാസ്സുകൾ</u> :

താഴെപ്പറയുന്ന ഓർഡിനൻസുകൾ മേശപ്പുറത്തുവച്ചു

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | |
|---|---|---|---|
| | വർഷം | നമ്പർ | പേര് |
| 1 | 2022 | 8 | ദി കേരള ലോക് ആയുക്ത (അമെന്റ്മെന്റ്) ഓർഡിനൻസ്, 2022 |
| 2 | 2022 | 13 | ദി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (അഡീഷണൽ ഫങ്ഷൻസ് അസ് റെസ്പെക്ട്സ് സെർട്ടൻ കോർപ്പറേഷൻസ് ആന്റ് കമ്പനീസ്) അമെന്റ്മെന്റ് ഓർഡിനൻസ്, 2022 |
| 3 | 2022 | 5 | 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ഓർഡിനൻസ് |
| 4 | 2022 | 7 | ദി കേരള പ്രൈവറ്റ് ഫോറസ്റ്റ്സ് (വെസ്റ്റിങ്ങ് ആന്റ് അസൈൻമെന്റ്) അമെന്റ്മെന്റ് ഓർഡിനൻസ്, 2022 |
| 5 | 2022 | 6 | 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് |
| 6 | 2022 | 14 | ദി കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആന്റ് റിക്രൂട്ട്മെന്റ് ബോർഡ് ഓർഡിനൻസ്, 2022 |
| 7 | 2022 | 9 | 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ഓർഡിനൻസ് |
| 8 | 2022 | 11 | ദി കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2022 |
| 9 | 2022 | 4 | 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിൻസ് |
| 10 | 2022 | 10 | 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണ മിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ഓർഡിനൻസ് |
| 11 | 2022 | 12 | ദി കേരള പബ്ലിക് ഹെൽത്ത് ഓർഡിനൻസ്, 2022 |

<u>റിപ്പോർട്ടുകളുടെ സമർപ്പണം</u> :

സബ്ജക്ട് കമ്മിറ്റി I മുതൽ സബ്ജക്ട് കമ്മിറ്റി XIV വരെയുള്ള സമിതികളുടെ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് സമർപ്പിച്ചു.

<u>നിയമനിർമ്മാണകാര്യം</u> :

1. കാര്യവിവരപ്പട്ടിക അനുസരിച്ചുള്ള 2022 - ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ബില്ലിന്റെ അവതരണം മറ്റൊരു അവസരത്തിലേയ്ക്ക് മാറ്റിയിരിക്കുന്നതായി സ്പീക്കർ സഭയെ അറിയിച്ചു.

2. സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവൻ, 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ അവതരിപ്പിക്കുകയും പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റി XI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന പ്രമേയം ചർച്ച കൂടാതെ പാസ്സാക്കുകയും, 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റി XI-ന്റെ പരിഗണനയ്ക്ക് അയക്കുകയും ചെയ്തു.

2022 ജൂൺ 28- ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി രാവിലെ 10.23-ന് സഭ പിരിഞ്ഞു.

കവിത ഉണ്ണിത്താൻ,
*സെക്രട്ടറി-ഇൻ-ചാർജ്.*

## FIFTEENTH KERALA LEGISLATIVE ASSEMBLY

Fifth Session

# BULLETIN—PART I

( Brief Record of Proceedings )

*Monday, June 27, 2022*

**No. 62**

The Assembly met at 9.00 a. m. with Mr. Speaker in the Chair.

National Anthem was sung before the commencement of the proceedings.

*Questions :*

One Question in the list of Questions posted for the day was answered orally.

[At the commencement of the Question Hour, the Members belonging to the Opposition shouted slogans, hoisted banners and placards and tried to disrupt the proceedings. Members from the Ruling front protested against this. The Speaker temporarily adjourned the House at 09.04 a.m.]

The House re-assembled at 10.00 a. m. with Mr. Speaker in the Chair.

*Obituary Reference :*

The Speaker made reference on the demise of P. J. Thomas, Thalekunnil Basheer, M. P. Govindan Nair, K. Sankaranarayanan, U. S. Sasi, K. G. Kunjukrishnapillai, S. Thyagarajan and Prayar Gopalakrishnan, former members of the Kerala Legislative Assembly. As a mark of respect to the deceased, the Members stood in silence for a while.

[The Members belonging to the Opposition again started shouting slogans, trying to disrupt the proceedings. Members belonging to Ruling front raised their protest against this. Since the proceedings couldn't be carried forward smoothly, the Speaker informed the House that the Calling attention as per the List of Business and the matters under Rule 304 stood cancelled.]

KNPP. 709/2022 (ii).

*Panel of Chairmen :*

The following Members were nominated to the Panel of Chairmen for the current Session of the Assembly.

1. Shri K. D. Prasenan,
2. Shri E. K. Vijayan,
3. Shri Eldose P. Kunnappillil.

*Papers laid on the table :*

The following Ordinances were laid on the Table:

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | |
|---|---|---|---|
| | വർഷം | നമ്പർ | പേര് |
| 1 | 2022 | 8 | ദി കേരള ലോക് ആയുക്ത (അമെന്റ്മെന്റ്) ഓർഡിനൻസ്, 2022 |
| 2 | 2022 | 13 | ദി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (അഡീഷണൽ ഫങ്ഷൻസ് അസ് റെസ്പെക്ട്സ് സെർട്ടൻ കോർപ്പറേഷൻസ് ആന്റ് കമ്പനീസ്) അമെന്റ്മെന്റ് ഓർഡിനൻസ്, 2022 |
| 3 | 2022 | 5 | 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ഓർഡിനൻസ് |
| 4 | 2022 | 7 | ദി കേരള പ്രൈവറ്റ് ഫോറസ്റ്റ്സ് (വെസ്റ്റിങ് ആന്റ് അസൈൻമെന്റ്) അമെന്റ്മെന്റ് ഓർഡിനൻസ്, 2022 |
| 5 | 2022 | 6 | 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് |
| 6 | 2022 | 14 | ദി കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആന്റ് റിക്രൂട്ട്മെന്റ് ബോർഡ് ഓർഡിനൻസ്, 2022 |
| 7 | 2022 | 9 | 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ഓർഡിനൻസ് |
| 8 | 2022 | 11 | ദി കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2022 |
| 9 | 2022 | 4 | 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിൻസ് |
| 10 | 2022 | 10 | 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണ മിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ഓർഡിനൻസ് |
| 11 | 2022 | 12 | ദി കേരള പബ്ലിക് ഹെൽത്ത് ഓർഡിനൻസ്, 2022 |

*Presentation of Reports :*

The Second Report of the Subject Committee – I to XIV on the Scrutiny of demands for grants for 2022-23 were presented.

*Legislative Business :*

1. The Speaker informed the House that the introduction and motion for reference to Subject Committee of The Kerala Private Forests (Vesting and Assignment) Amendment Bill, 2022 as per the List of Business has been postponed.

2. Shri V. N. Vasavan, Minister for Co-operation and Registration introduced The Kerala Co-operative Societies (Amendment) Bill, 2022 and moved that the Bill be referred to Subject Committee XI. Then the Motion was adopted without any discussion and the Bill was referred to the Subject Committee XI.

The House adjourned at 10.23 a.m. to meet again at 9.00 a.m. on Tuesday June 28, 2022.

KAVITHA UNNITHAN,
*Secretary-in-Charge.*